Supriya August 1973

പഞ്ചതന്ത്രം

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

ഏററവും അധികം ആളുകളെ ആകർഷിച്ചിട്ടുള്ള ഒരു ഗ്രന്ഥത്തെക്കുറിച്ചാണു് ഇന്നു് പറയുവാനുദ്ദേശിക്കുന്നതു്. ഏററവും പഴക്കംചെന്ന ഒരു പുസ്തകത്തെപ്പററി. അതുകൊണ്ടുതന്നെ പരിചയപ്പെടുത്തുകയല്ല, പരിചയം പുതുക്കുകയാണു്. ഒരു തരത്തിലല്ലെങ്കിൽമറെറാരു തരത്തിൽ ഈ പുസ്തകവുമായി ബന്ധം പുലർത്തുവാൻ ഇടവന്നിട്ടുള്ളവരാണു് ഒട്ടുമുക്കാൽ ആളുകളും. എഴുത്തും വായനയും വശമില്ലാത്തവർ പോലും ഈ പുസ്തകത്തിന്റെ ഉള്ളടക്കത്തിലേതെങ്കിലും ചിലതു് സ്വായത്തമാക്കിയിട്ടുണ്ടതാനും. എനിക്കുതന്നെ ഇതു് നേരിട്ടനുഭവപ്പെട്ടിട്ടുള്ള കാര്യമാണു്. കുട്ടിയായിരുന്നകാലത്തു് എന്നോടു് കഥകൾ പറഞ്ഞിട്ടുള്ള എഴുത്തുംവായനയും വശമില്ലാത്ത ഒരു നല്ല മനുഷ്യനുണ്ടു്. അന്നു് അദ്ദേഹം പറഞ്ഞുകേട്ടകഥകൾ ഇന്നും ഞാൻ ഓർമ്മിക്കുന്നു. എന്റെ ഭാവനയേയും ചിന്തയേയും എന്തെന്നില്ലാതെ ഉണർത്തിയകഥകൾ, മറക്കാത്ത സ്മരണകളായി അവശേഷിക്കുന്നു. ആ സ്മരണകളിലൂടെ അതുപറഞ്ഞവ്യക്തിയും എന്റെ ഓർമ്മയിൽ ചൈതന്യം കുറയാതെപുലരുന്നു. വളർന്നു വലുതായി എത്രയോ കഴിഞ്ഞാണു്, ബാല്യകാലത്തു് നിരക്ഷരകുക്ഷിയായ ആ നല്ല മനുഷ്യൻ എന്നോടുപറഞ്ഞ കഥകളധികവും പഞ്ചതന്ത്രത്തിൽനിന്നുള്ളവയാണെന്നു് ഞാൻ കണ്ടെത്തിയതു്. അദ്ദേഹം ഈ കഥകൾ സ്വയം വായിച്ചു് വശമാക്കിയവയായിരുന്നില്ലെന്നതീർച്ച. എങ്കിലും ആ മനുഷ്യനെപ്പോലും അവ വശപ്പെടുത്തി. ഇങ്ങനെ പാമരനെയും പണ്ഡിതനേയുംഒരുപോലെ സമ്പന്നമാക്കുവാൻ ശക്തിയുള്ളതായി ഭാരതത്തിൽ, രാമായണവുംമഹാഭാരതവും മാത്രമേയുള്ളു. ഭാരതത്തിലുടനീളം, എല്ലാ ദേശങ്ങളിലും സ്വാധീനംനേടിയ മറെറാരു കൃതിയും, രാമായണവും മഹാഭാരതവും ഒഴിവാക്കിയാൽ പഞ്ചതന്ത്രത്തെപ്പോലെയില്ല. എന്നതീർത്തുപറയാം, എന്നാൽ രാമായണത്തേയും മഹാഭാരതത്തേയുംകവിഞ്ഞു് പഞ്ചതന്ത്രത്തിന്നു് അന്യദേശങ്ങളിൽപ്രചാരം സിദ്ധിച്ചിട്ടുണ്ടെന്ന പരമാർത്ഥം വി

സ്മരിച്ചുകൂടാത്തതാണ്. ഇതിഹാസഗ്രന്ഥങ്ങളുടെ വ്യാപ്തി ഭാരതത്തിലൊതുങ്ങി നിന്നപ്പോൾ, പഞ്ചതന്ത്രം, ഭാരതദേശപരിധി ലംഘിച്ച് വിദേശങ്ങളിലേക്കും വ്യാപിക്കുകയുണ്ടായി. ലോകസാഹിത്യം പരിശോധിച്ചാൽ ഇങ്ങനെ പ്രചാരം സിദ്ധിച്ചിട്ടുള്ള കൃതികൾവളരെ ചുരുക്കമായേ കണ്ടെത്താൻ കഴിയൂ.അത്തസ്സത്തയുടെ അഭികാമ്യതയും, കഥാവതരണത്തിൻെറ ആകർഷതയും, കഥകളിൽ അന്തർലീനമായിട്ടുള്ള ശാശ്വതാശയങ്ങളുടെ മഹത്വവും കാരണം പഞ്ചതന്ത്രം, പ്രായഭേദമന്യേ, പണ്ഡിതപാമരമന്യേ, സകലരും സ്വാഗതം ചെയ്യുന്നു. ഒരു കൃതിയെ സംബന്ധിച്ചിടത്തോളം ഇതിൽ കവിഞ്ഞ ഒരു വിജയം കൈവരാനില്ല. പ്രചുരപ്രചാരം സിദ്ധിച്ചിട്ടുള്ള മററു ഗ്രന്ഥങ്ങളെപ്പോലെ, പഞ്ചതന്ത്രം, മതപരമോ, രാഷ്ട്രീയമോ, അതുപോലെ മറേറതെങ്കിലും ബാഹ്യമായ പ്രചരണോപാധികളോ, പിൻബലം നൽകാതെയാണ്. ഈവിജയം നേടിയിട്ടുള്ളതെന്ന സത്യവും എടുത്തുപറയേണ്ട വാർത്തയാണ്. തികച്ചും മതേതരവും, രാഷ്ട്രീയേതരവും ആയ ഒരു കൃതിക്ക് പ്രാചീനകാലം മുതൽ ഇന്നുവരെ ഇങ്ങനെ പ്രചാരവും നിലനിൽപ്പും ഉണ്ടായിട്ടുള്ളതിനു് മററു് ഉദാഹരണങ്ങളില്ല.പ്രച്ഛന്നമായും സ്പഷ്ടമായും ഈ കൃതിയിലെ കഥകൾ മററു ഭാഷകളിൽ പ്രചരിച്ചിട്ടുണ്ട്. പഞ്ചതന്ത്രത്തിന്ന് സ്വാഗതം നൽകാത്ത ഭാഷകൾ ഇന്നുലോകത്തില്ലെന്നു പറഞ്ഞാൽ വലിയ തെററാകുമെന്നു തോന്നുന്നില്ല.

ജീവിതം വിജയകരമായി നയിക്കുന്നതിനുതകുന്ന നീതിധർമ്മങ്ങളെ സംഗ്രഹമായ വിധത്തിൽ പഞ്ചതന്ത്രത്തിൽ അവതരിപ്പിച്ചിരിക്കുന്നു. അക്കാരണത്താൽ കാലദേശപരിമിതികളോ, വർണ്ണവർഗ്ഗവ്യത്യാസങ്ങളോ അതിനു ബാധകമായിത്തീരുന്നില്ല. ഏതു കാലത്തും, ഏതുദേശത്തും, ഏതു വർഗ്ഗത്തിലും, ഏതുവർണ്ണത്തിലും പിറന്നവനായാലും, മനുഷ്യനു് മനുഷ്യനായി വളരുവാനും ജീവിക്കുവാനും ഉള്ള വഴികൾ അതിൽ കണ്ടെത്താം. ഇതുപോലെ വിജയിച്ചഒരു സോദ്ദേശസാഹിത്യകൃതി മറെറാന്നുമുണ്ടായിട്ടുമില്ല. വിഷ്ണുശർമ്മ എന്ന ഒരു മഹാപണ്ഡിതൻ രചിച്ചതാണ് ഈ ഗ്രന്ഥമെന്ന് പഞ്ചതന്ത്രത്തിൽതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ കൂടുതലൊന്നും ഗ്രന്ഥകർത്താവിനെ കുറിച്ച് വസ്തുനിഷ്ഠമായ തെളിവുകളില്ല.

മിത്രഭേദം, മിത്രപ്രാപ്തി, കാകോലൂകിയം, ലബ്ധപ്രണാശം അപരീക്ഷിതകാരകം- എന്ന് അഞ്ചുഭാഗങ്ങൾ- തന്ത്രങ്ങൾ- ആണ് പഞ്ചതന്ത്രമായി സമാഹരിച്ചിരിക്കുന്നതു്. മിത്രഭേദത്തിൽ പത്തൊൻപതും, മിത്രപ്രാപ്തിയിൽ ആറും, കാകോലൂകിയത്തിൽ പതിനേഴും, ലബ്ധപ്രണാശത്തിൽ പതിനൊന്നും അപരീക്ഷിതകാരത്തിൽപതിമൂന്നും കഥകളുണ്ട്.

മഹത്തായ ഈ കൃതി ഏതുകാലത്താണ് ചമയ്ക്കപ്പെട്ടതെന്ന കാ

(ശേഷം 99-ാംപേജിൽ)

പഞ്ചതന്ത്രം

(22-ാം പേജിൻെറ തുടർച്ച)

ന്യത്തിൽ ഭിന്നാഭിപ്രായങ്ങളാണുള്ളത്. അതിൻെറ രചനാകാലം എ. ഡി. 100-ാം മാണ്ടിനും 500-ാംമാണ്ടിനുമിടക്കായിരിക്കണമെന്ന് ഊഹിക്കാവുന്നതാണെന്നത്രെ പ്രൊ. ഫ്രാൻക്ലിൻ എഡ്ജർട്ടൻ പറയുന്നത്. അറിയപ്പെട്ടിട്ടുള്ളതിൽ ഏററവും പഴക്കംചെന്ന പരിഭാഷ പഹ്ലവിയിലുള്ളതാണ്.

പ്രയോജനവും ഉല്ലാസവും അരുളുന്ന ഉത്തമകൃതികൾ മറേറതൊരു കാലഘട്ടത്തേക്കാളും ഇന്ന് ആവശ്യമായിത്തീർന്നിട്ടുണ്ട്. പുതിയ പുതിയ മേച്ചിൽസ്ഥലങ്ങൾ തേടിനടക്കുന്ന മനുഷ്യൻെറ മനസ്സ് വിശാലമായ മേഖലകളിലാണ് വ്യാപരിക്കുന്നതെങ്കിലും, കൂട്ടതൽ കൂട്ടതൽ അസംതൃപ്തമായിത്തീരുകയാണ്. വൈരുദ്ധ്യങ്ങളുടെ ചുഴിയിൽ നിന്ന് കരകയറുവാൻ, സങ്കീർണ്ണതയിൽ നിന്ന് ലാളിത്യത്തിലേക്ക് തിരിച്ചുപോകേണ്ടതു് ആവശ്യമായിരിക്കും. മനുഷ്യമനസ്സിൻെറയും ജീവിതങ്ങളുടെയും സ്ഥായിയായ സവിശേഷതകൾ കണ്ടെത്താതെ ഇതു് സാദ്ധ്യമല്ല. ഒരു പക്ഷേ പഞ്ചതന്ത്രത്തെപ്പോലെയുള്ള അത്യുൽകൃഷ്ട കൃതികളിലൂടെ ഇതിനുള്ള രാജപാതകളിലേക്ക് ചെന്നെത്താനൊക്കും.

പഞ്ചതന്ത്രത്തിലെ ചില കഥകൾ ഒററപ്പെട്ട്, അങ്ങുമിങ്ങും കിടക്കുന്നതു് പരിചയപ്പെടുന്നതുകൊണ്ട് അത്തരം കഥകളിലെ അന്തസ്സത്തഅറിയാനൊക്കുമെങ്കിലും ആ കൃതിഒന്നിച്ചു വായിച്ചാലുളവാകുന്ന അനുക്രമമായി പഞ്ചതന്ത്രത്തിന് ഉളവാക്കാൻ കഴിയുന്ന, ആനന്ദവും മററും ആസ്വദിക്കുന്നതിന്, സാധിക്കാതെ പോകുന്നുണ്ട്.

ഒന്നിൽ നിന്ന് മറെറാന്നിലേക്ക് മാറി മാറി നീങ്ങുന്ന മനസ്സിൻെറ സ്വതസിദ്ധമായ സവിശേഷതയെ അടിസ്ഥാനമാക്കി അവതരിപ്പിച്ചിട്ടുള്ള കഥാ കഥന രീതിയുടെ സ്വഭാവികത അറിയാനുള്ള അവസരം നാം നഷ്ടപ്പെടുത്തിക്കൂടാ. അതിനാൽ ഒരാവൃത്തിയെങ്കിലും പഞ്ചതന്ത്രം പൂർണ്ണമായി നാം വായിച്ചിരിക്കേണ്ടതാണ്. കാലദേശങ്ങളെ അതിലംഘിച്ച് നിലനിൽക്കുവാൻ കരുത്തുള്ള ഒരു കൃതിക്ക്, പലവിധത്തിലുള്ള നൂലാമാലകളിൽ കുടുങ്ങിക്കുഴയുന്ന മനുഷ്യമനസ്സിനെ അവയിൽനിന്നു മോചിപ്പിക്കുവാനും, ആരോഗ്യത്തോടെ വളർത്തി പരിപക്വമാക്കാനും സാധിക്കുമെന്നു തീർച്ചയുണ്ട്. സ്വാർത്ഥലാഭത്തിനായിട്ടെങ്കിലും, ഒരു വ്യക്തി വിവേകശാലിയായിത്തീരേണ്ടതാവശ്യമാണല്ലോ. വിവേകശാലികളായ വ്യക്തികളുടെഎണ്ണം വർദ്ധിക്കുന്നതോടൊപ്പം, സമൂഹവും നല്ല രീതിയിൽ രൂപം പ്രാപിക്കും. മനുഷ്യൻ നന്നാകാതെ സമൂഹജീവിതം ശുദ്ധമായിത്തീരുകയില്ലല്ലോ.

പുസ്തകപാരായണ പ്രിയരായ യുവജനങ്ങൾ പഞ്ചതന്ത്രവുമായുള്ള പരിചയം പുതുക്കുന്നതിന് തൽപരരായിത്തീരുമെങ്കിൽ എന്ന്ആശിച്ചുപോകുകയാണ്.

....o....